ഗവ. സെൻട്രൽ എൽ. പി. എസ്
ഇലകമൺ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 26

# ആമുഖം

നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടു കൂടിയാണ് കൃത്യമായ അക്കാദമിക മാസ്റ്റർപ്ലാൻ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. ഓരോ കുട്ടികളുടെയും പൊതുവായതും സവിശേഷവുമായ മികവുകളുടെ ഉറപ്പാക്കൽ ഉദ്ദേശിച്ചാണ് ഇതിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. നമ്മുടെ സ്കൂളിന്റെ സാഹചര്യത്തിനിണങ്ങിയ പഠന-ബോധന പ്രവർത്തനങ്ങൾ വിഷയബന്ധിതമായി വിലയിരുത്തി കൂട്ടായ ചർച്ചകൾക്ക് ശേഷമാണ് അടുത്ത അഞ്ച് വർഷത്തിൽ നമ്മുടെ വിദ്യാലയത്തിന് കൈവരിക്കാവുന്ന പഠന നേട്ടങ്ങളെയും പ്രക്രിയകളെയും ഞങ്ങൾ ഈ രേഖയിൽ ചിട്ടപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ അറിവിനെയും കഴിവിനെയും താൽപര്യത്തെയും ഉൾക്കൊള്ളാനും അവരെ മുന്നോട്ട് നയിക്കാനും ഉതകുന്ന രീതിയിലാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. മാറുന്ന ലോകത്ത് പുതിയ വെല്ലുവിളികളെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതൊരു അന്തിമരേഖയല്ല അനുഭവങ്ങളുടെയും സാധ്യതകളുടെയും അടിസ്ഥാനത്തിൽ ഇതിൽ കൂട്ടിച്ചേർക്കലുകൾക്കും തിരുത്തലുകൾക്കുമായി ഇത് സമർപ്പിക്കുന്നു.

# പിന്നിട്ട വഴികൾ

ഗവൺമെന്റ് സെൻട്രൽ എൽ.പി.എസ്, ഇലകമൺ തിരുവനന്തപുരം ജില്ലയുടെ ഏറ്റവും വടക്ക് ഭാഗത്തുള്ള പഞ്ചായത്തായ ഇലകമൺ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഇലകമൺ പഞ്ചായത്തിന്റെ കിഴക്ക് ഭാഗമായ കിഴക്കേപ്പുറം എന്ന ചെറിയ ഗ്രാമമാണിത്. 1961-ലാണ് ഈ സരസ്വതി ക്ഷേത്രം ആരംഭിച്ചത്. അതിനുമുമ്പ് ഇവിടുത്തെ കുട്ടികൾ വയലും തോടും കടന്ന് ഏറെ ദൂരം സഞ്ചരിച്ചാണ് സ്കൂളിൽ പോയിരുന്നത്. മഴക്കാലത്ത് സ്കൂളിൽ പോകാതെ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടിയിരുന്ന കുട്ടികളുടെ ദുരവസ്ഥയിൽ മനം നൊന്ത നാട്ടുകാരുടെ ശ്രമഫലമായാണ് സ്കൂൾ അനുവദിച്ചത്. എന്നാൽ സ്കൂളിനുവേണ്ട സ്ഥലവും കെട്ടിട സൗകര്യവും കണ്ടെത്തണമെന്ന സർക്കാർ തീരുമാനത്തിൽ പകച്ചു നിന്ന നാട്ടുകാർക്ക് കിഴക്കേപ്പുറം പറങ്കിമാവിള വീട്ടിൽ പത്മനാഭനും കല്ലുവിള പഴയവീട് കുടുംബക്കാരും ചേർന്ന് ഒരു ഏക്കർ വസ്തു സൗജന്യമായി നൽകുകയായിരുന്നു. പാളയംകുന്ന് എച്ച്.എസിനും ഇലകമൺ എൽ.പി.എസിനും ഇടയിൽ ആയതിനാലാണ് സെൻട്രൽ എൽ.പി.എസ് എന്ന പേര് നൽകിയത്. 1989-ൽ ഇലകമൺ പഞ്ചായത്തിലെ ആദ്യ പ്രീ-പ്രൈമറി സ്കൂൾ ഇവിടെ സ്ഥാപിതമായി. ഇപ്പോഴത്തെ പ്രഥമാധ്യാപിക ശ്രീമതി. സുജ KS ഉൾപ്പെടെ ആറ് അധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു.

- വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലഹരിവിരുദ്ധ ക്യാമ്പെയിൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ട് കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നു.

- വിദ്യാർത്ഥി, അധ്യാപകർ, സമൂഹം ഇവ ഒരു യൂണിറ്റായി ഊഷ്മള ബന്ധങ്ങൾ ഉണ്ടാക്കി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തര അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.

- വിദ്യാലയത്തിന്റെ തനതു പ്രവർത്തനങ്ങൾ മെച്ചപ്പെട്ട ഗുണനിലവാരത്തോടെ സാധ്യമാകുന്നു.

## അക്കാദമിക മാസ്റ്റർപ്ലാൻ - ദർശനം

വരുന്ന 5 വർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ'വുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന പ്രവർത്തനങ്ങളെല്ലാം മുൻനിർത്തി ഓരോ കുട്ടിയെയും മുഖ്യധാരയിലെത്തിക്കാൻ തക്ക പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യം വയ്ക്കുന്നത്. അതായത് സ്കൂളിലെ ഓരോ വിദ്യാർത്ഥിയെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതും ഗുണനിലവാരം ഉന്നതമായ വിദ്യാഭ്യാസം ഉറപ്പാക്കുക.

## ലക്ഷ്യങ്ങൾ ഒറ്റനോട്ടത്തിൽ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.
- ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക.
- ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള അവസരം ഒരുക്കുന്നു.
- പഠനപിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ, ലബോറട്ടറി എന്നിവയെല്ലാം എല്ലാ കുട്ടികൾക്കും പരമാവധി പ്രയോജനപ്പെടുത്തുന്നു.

# അക്കാദമിക് മാസ്റ്റർപ്ലാൻ (2025-26)

പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസുവരെ ഒറ്റയൂണിറ്റായി കണ്ടുകൊണ്ട് അടുത്ത അഞ്ച് വർഷങ്ങൾക്ക് ഗീം ഗവൺമെന്റ് സെൻട്രൽ എൽ.പി.എസ് ഇലകമൺ സമഗ്രമായി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർപ്ലാൻ.

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| ഭാഷണം | സ്വതന്ത്രമായി ഒഴുക്കോടെ ഭാഷണം ചെയ്യുന്നു. | അനുയോജ്യമായ തലങ്ങൾ തെരഞ്ഞെടുക്കുന്നു.<br>→ വീട്ടുവിശേഷം<br>→ എന്റെ അനുഭവം<br>→ കണ്ടത് പറയാം<br>→ കഥ പറയൽ | ജൂൺ മുതൽ ജൂലൈ വരെ | അധ്യാപകർ | | |
| വായന<br>→ ശ്രാവ്യ വായന<br>→ ആശയ ഗ്രഹണ വായന<br>→ സർഗാത്മക വായന | → തെറ്റുകൂടാതെ ഒഴുക്കോടെ വായിക്കുന്നു.<br>→ എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുന്നു<br>→ വായനയുടെ പ്രാധാന്യം ബോധ്യപ്പെടുന്നു.<br>→ വായനാ പരിപോഷണത്തിന് സമൂഹത്തിന്റെ സഹായവും | → അക്ഷര കാർഡ്<br>→ വായന കാർഡ്<br>→ വാക്യങ്ങൾ എഴുതിയ കാർഡ്<br>→ [illegible] കാർഡ്<br>→ വാക്കുകൾ എഴുതിയ കാർഡ്<br>→ ACT വായന സാമഗ്രികൾ<br>→ വായനയ്ക്കായി ഒരിടം | ദീർഘകാലം<br>ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 2000/-<br>1000/- | |

| | | | | | | |
|---|---|---|---|---|---|---|
| | ചിന്തനയും വർദ്ധിക്കുന്നു.<br>→ വായനയിൽ മികവ് പുലർത്തുന്നവരെ അഭിനന്ദിക്കുന്നു. | → ശ്രാവ്യവായന<br>→ പത്രവായനയും ചർച്ചയും (എല്ലാ ദിവസവും 15 മിനിറ്റ്)<br>→ വായന പെട്ടി<br>→ അസംബ്ലിയിൽ പുസ്തകപരിചയം<br>→ ഇ-വായന<br>→ അമ്മവായന<br>→ വീട്ടിൽ ഒരു ലൈബ്രറി<br>→ വായനച്ചങ്ങാത്തം<br>→ ഉച്ചവായന<br>→ വായനശാലയിൽ അംഗത്വം | ദീർഘകാലം | അദ്ധ്യാപകർ<br>BRC<br>SRG<br>SMC<br>വിദ്യാരംഗം<br>[illegible] | 5000/- | |
| ലേഖനം | → തെറ്റില്ലാതെ എഴുതുക<br>→ കുട്ടികളെ മികച്ച എഴുത്തുകാരായി മാറ്റുക<br>→ സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കുക | → മണലെഴുത്ത്<br>→ പറഞ്ഞെഴുത്ത്<br>→ പ്രകൃതിയെഴുത്ത്<br>(പാഠപുസ്തകത്തിനപ്പുറം കുഞ്ഞുങ്ങൾക്കിഷ്ടപ്പെട്ട പ്രകൃതിയിലെ വസ്തുവിനെക്കുറിച്ച് ഇഷ്ടമുള്ള രൂപത്തിൽ എഴുതാനുള്ള അവസരം)<br>→ ചിത്രത്തിൽ നിന്നും എഴുതാം | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>BRC<br>SRG<br>SMC<br>ഗവൺമെന്റ് | 3000/- | |

| | | | | | | |
|---|---|---|---|---|---|---|
| | | → പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തനങ്ങൾ എഴുത്താനുഭവ അനുസര കഥ, കവിത, കുറിപ്പ്, വിവരണം, ഡയറി<br>→ ഞാനും എന്റെ എഴുത്തും<br>→ സ്കൂൾ പത്രം<br>→ കൈയെഴുത്തു മാസിക<br>→ വളരുന്ന പോർട്ട്ഫോളിയോ (സ്വന്തം രചനകൾ)<br>→ അമ്മ എഴുത്ത് | | | | |
| നാടകം, അഭിനയം, പ്രസംഗം, കഥാപ്രസംഗം | വിവിധ ഭാഷാ-വ്യവഹാര രൂപങ്ങളിൽ കഴിവ് നേടുന്നു | → സാഹിത്യകാരന്മാരുമായി അഭിമുഖം.<br>→ മലയാള സംസ്കൃതി തേടിയാത്ര (സ്മാരകം, എഴുത്തുകാരുടെ വീടുകൾ സന്ദർശിക്കൽ)<br>→ തിയേറ്റർ<br>→ വൊളണ്ട<br>→ ICT, സമഗ്ര | | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ (2025-26) - ഗണിതം

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| അടിസ്ഥാന ഗണിത അറിവുകൾ<br>→ സംഖ്യാബോധം<br>→ സ്ഥാനവില (വലുത്, ചെറുത്)<br>→ ആരോഹണം/അവരോഹണം<br>→ കൂട്ടുന്നത്/കുറവ്<br>→ സങ്കലനം/വ്യവകലനം<br>→ ഗുണനം/ഹരണം | കൃത്യതയോടെയും സൂക്ഷ്മതയോടെയും ഗണിത ക്രിയകളിൽ ഏർപ്പെടുക. | → ഉല്ലാസഗണിതം, ഗണിതവിജയം എന്നിവ ഉപയോഗിച്ച് കുഞ്ഞുങ്ങളെ കണക്കിന്റെ ലോകത്ത് രസകരമായി എത്തിക്കുന്നു.<br>→ സംഖ്യാമാല<br>→ സംഖ്യാപോക്കറ്റ്<br>→ അബാക്കസ്<br>→ ഡോമിനോകട്ട<br>→ Ten frame<br>→ പാറ്റേണുകൾ<br>→ ടാൻഗ്രാം<br>→ കളിനോട്ട്<br>→ ഹോണസ്റ്റി ഷോപ്പ്<br>→ ഗണിതകിറ്റ്<br>→ ഗണിത ക്വിസ്<br>→ Maths Fest | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>BRC<br>SMC | 5000/- | |

| | | | | | | |
|---|---|---|---|---|---|---|
| പ്രായോഗിക പ്രശ്നം | നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കൽ | → ഒരു ദിവസത്തെ സ്കൂളിലെ ഉച്ചഭക്ഷണ ചെലവ്<br>→ ജൈവ പച്ചക്കറിക്കൃഷി സ്ഥലം (നീളം, വീതി)<br>→ ചെടികൾ എത്ര ?.<br>→ ഗണിതാശയങ്ങളിൽ നിന്ന് കണ്ടെത്തുന്നു.<br>→ പ്രകൃതി ഒരുക്കുന്ന [illegible] | | | | |
| Easy Maths Mental Maths | ഗണിതത്തെ കൂട്ടുകാരാക്കുന്നു. | → ഗണിത പാട്ട്<br>→ ഗണിത കഥകൾ<br>→ പസിലുകൾ<br>→ നമ്പർ ചാർട്ടുകൾ<br>→ ജ്യോമെട്രിക് ചാർട്ടുകൾ<br>→ ഗണിത പ്രോജക്ട്<br>→ കണക്കിലെ കളികൾ<br>→ ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ | | | | |
| പഠനോപകരണ നിർമ്മാണം | കൃത്യത, സൂക്ഷ്മത എന്നിവ പാലിച്ച് കാര്യങ്ങൾ ചെയ്യുന്നു | പഠനോപകരണ ശില്പശാല | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 - പരിസരപഠനം

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| നിരീക്ഷണം താരതമ്യം വർഗീകരണം അപഗ്രഥനം | ചുറ്റുപാടും നിരീക്ഷിച്ച് പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഇടപെടുക | → എന്റെ നാട്<br>→ Field Trip<br>→ ആകാശ വിസ്മയം / വര / എഴുത്ത് / ചിത്രം<br>→ Natural club<br>→ കാണാകാഴ്ചകൾ തേടി (പ്ലാനറ്റേറിയം, VSSC) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ BRC SMC | 15000/- | |
| ശാസ്ത്ര പരീക്ഷണങ്ങൾ | മികച്ച ശാസ്ത്രജ്ഞന്മാരെ വാർത്തെടുത്ത് സമൂഹ നന്മയ്ക്കായി സമർപ്പിക്കുക. | → കുട്ടി ശാസ്ത്രജ്ഞൻ<br>→ ശാസ്ത്രമേള<br>→ അറിയാം പഠിക്കാം (Scientist) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 5000/- | |
| നിർമ്മാണം | ഓരോ നാടിന്റെയും പ്രത്യേകതയ്ക്കനുസരിച്ച് കൃഷികളിൽ ഏർപ്പെടുന്നു. | → ഹെർബേറിയം<br>→ ഔഷധത്തോട്ടം<br>→ പച്ചക്കറിത്തോട്ടം | ആഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപകർ | 500/- | |

| | | | | | | |
|---|---|---|---|---|---|---|
| | വിദ്യാഭ്യാസത്തിനു- ള്ള ഭൗതിക ഉപകരണങ്ങ- ളുടെ രൂപീകരണം. അതിലൂടെ സമൂഹത്തി- ന് നന്മ ചെയ്യുന്നു. | → മാതൃകകൾ നിർമ്മിക്കുന്നു<br>→ സ്റ്റിൽ മോഡൽ<br>→ വർക്കിംഗ് മോഡൽ<br>→ പ്രദർശനം / വാർഷിക അസംബ്ലി | ആഗസ്റ്റ് മുതൽ മാർച്ച് വരെ | Local Resource, Teachers, BRC SMC | 1000/- | |
| | ഓരോ കുട്ടിയും അറിഞ്ഞ അറിവുകൾ ഉൾപ്പെടുത്തി പുനരുപയോഗിക്കുന്നു. | → എന്റെ അറിവ് പുസ്തകം<br>→ ജൈവ വൈവിധ്യ രജിസ്റ്റർ<br>→ എന്റെ പ്രകൃതി സംരക്ഷണം, എന്റെ ഉത്തരവാദിത്വം | ദീർഘകാലം | സമൂഹം Teachers BRC SMC | | |

# ACADEMIC MASTER PLAN (2025-26) - ENGLISH

| Discourse | Aim | Activities | Duration | Charge | Fund | Remarks |
|---|---|---|---|---|---|---|
| Listening Speaking | To develop listening and speaking skills of every children | → Watch English cartoons, films and conduct talk time about them.<br>→ Give chances for role-playing<br>→ Let them talk about their favourite things.<br>→ Give chances to watch some bits of conversational videos and enable to perform remaining part in class rooms.<br>→ English Assembly<br>→ make them speak about their daily routine | June to March | Teachers | 1000/- | |

| | | | | | | |
|---|---|---|---|---|---|---|
| writing | To develop creative writing skills | → write about favourite things<br>→ Self description / introduction about me<br>→ Picture description<br>→ word splash<br>→ conversation<br>→ cross word puzzle<br>→ flash cards<br>→ chain writing<br>→ who am I? | June to March | Teachers | 1000/- | |
| Skit, Roleplay, choreography, English drama | Fluency in English speaking | → create skit, choreography roleplay based on English units<br>→ write poem, short stories and speak | June to March | Teachers | 500/- | |

| | | | | | | |
|---|---|---|---|---|---|---|
| | | Create English atmosphere at least half an hour of exercise a day | June to March | Teachers | 1000/- | |
| Reading | To develop reading skills | → Word of the day<br>→ Simple sentence cards<br>→ Children's story<br>→ Newspaper reading<br>→ Crossword puzzle<br>→ Riddles<br>→ Proverbs<br>→ Idioms<br>→ Word Pyramid<br>→ Games (word)<br>→ Local text<br>→ Vocabulary quiz<br>→ Chain Reading | June to March<br><br>June to March | Teachers<br><br>Teachers | 5000/-<br><br>5000/- | |

# അക്കാദമിക് മാസ്റ്റർപ്ലാൻ (2025-26) കലാകായിക- പ്രവൃത്തി പരിചയ - ആരോഗ്യപഠനം

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| കലാ-കായികം | കലാ-കായിക പഠനത്തിന് അവസരമൊരുക്കുന്നു | → ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് ഗ്രൂപ്പുകളാക്കുന്നു.<br>→ പ്രത്യേക പരിശീലനം നൽകുന്നു.<br>→ വിവിധ മേളകളിൽ പങ്കെടുപ്പിക്കുന്നതോടൊപ്പം സ്വഭാവ രൂപീകരണത്തിനും സാമൂഹ്യ നന്മയ്ക്കും അവസരമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | Teachers<br>Resource Teachers<br>SMC | 6000/- | |
| പ്രവൃത്തി പരിചയം | സ്വയം തൊഴിലിൽ ഏർപ്പെടുന്നതിന് | → ഗാന്ധിദർശൻ പരിപാടിയുമായി ബന്ധപ്പെട്ട വിവിധ ഉല്പന്നങ്ങൾ തയ്യാറാക്കുന്നു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | കുട്ടികളിൽ നിന്നും ശേഖരിക്കുന്ന സ്വദേശി ഉൽപ്പന്നങ്ങൾ വീട്ടിലും നാട്ടിലും സ്കൂളിലും പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | Teachers Parents SMC സമൂഹം | 5000/- | |
| ആരോഗ്യം | നല്ല ആരോഗ്യമുള്ള ശുചിത്വ ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക | → ആരോഗ്യ സെമിനാർ<br>→ ഡോക്ടറുമായി അഭിമുഖം<br>→ Dry Day | ആഗസ്റ്റ് മുതൽ മാർച്ച് വരെ | Teachers Parents SMC സമൂഹം | 5000/- | |
| | ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കുക | → ബോധവൽക്കരണ ക്ലാസുകൾ<br>→ ലഹരി വിരുദ്ധ റാലി<br>→ പോസ്റ്റർ / പ്ലക്കാർഡ് നിർമ്മാണം<br>→ സുംബാ നൃത്ത പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | Teachers Parents SMC സമൂഹം | | |

## സ്കൂളിൽ നടപ്പിലാക്കി വരുന്ന പ്രത്യേക പ്രവർത്തനങ്ങൾ

1. Word of the day
2. Daily GK
3. News Reading
4. ക്ലാസിലെ തനതു പ്രവർത്തനങ്ങൾ അസംബ്ലിയിൽ അവതരിപ്പിൽ
5. Story for the Week
6. ദിനാചരണങ്ങൾ

## ഈ വർഷം ഏറ്റെടുത്ത തനതു പ്രവർത്തനം

### വാർത്താ നേരം

പത്രത്തിലെ പ്രധാന വാർത്തകളും വിശേഷങ്ങളും അറിവുകളും നേടാൻ കുട്ടികളെ സഹായിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. കുട്ടികൾ ഓരോ ദിവസത്തെയും പത്രവാർത്ത സ്കൂൾ അസംബ്ലിയിൽ വായിക്കുന്നു. പ്രധാന വാർത്തകളും G.K ചോദ്യങ്ങളും സ്കൂൾ അസംബ്ലിഹാളിലെ വൈറ്റ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾ അവരുടെ G.K നോട്ട്ബുക്കിൽ ഈ വാർത്തകൾ എഴുതിയെടുക്കുന്നു. ആഴ്ചയുടെ അവസാനം ഈ ചോദ്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു.

# ജീവനക്കാർ

സുജ . R.S (ഹെഡ്മിസ്ട്രസ്)

## അധ്യാപകർ

ദീപ. എൽ. എസ്
രമ്യ . എസ്. ആർ
ബിന്ദുകുമാരി. ബി. എസ്
സുനന്ദ. കെ (പ്രീ-പ്രൈമറി അധ്യാപിക)
ഗീത വി.പി (പ്രീ-പ്രൈമറി അധ്യാപിക)

## മറ്റു ജീവനക്കാർ

രമണി
ശോഭ